## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2680 — 17.06.2019-ൽ മറുപടിയ്ക്ക്.

# പ്രളയത്തിൽ തകർന്ന ക്ഷീരമേഖലയുടെ ഉന്നമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പ്രളയത്തിൽ വൻ നാശനഷ്ടം നേരിട്ട സംസ്ഥാനത്തെ ക്ഷീരമേഖല തിരിച്ചുവരവിന്റെ പാതയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രളയം മൂലം പ്രസ്തുത മേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കയാണ്; നാശനഷ്ടം നേരിട്ട ക്ഷീരകർഷകർക്ക് സമയബന്ധിതമായി സഹായം നൽകുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ടോ; | (ബി) 2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിൽ 5163 കറവ പശുക്കൾ, 1228 കിടാരികൾ, 5166 കന്നുകുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്ത് ഭാഗീകമായും നശിച്ചുപോയിട്ടുണ്ട്.<br>പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. നാശനഷ്ടം നേരിട്ട കർഷകർക്ക് സമയബന്ധിതമായി സഹായം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. പാലിലുണ്ടായ കുറവ് പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) വകുപ്പിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ ക്ഷീരമേഖലയെ തിരിച്ചുവരവിന്റെ പാതയിൽ എത്തിക്കുവാൻ എത്രമാത്രം സഹായകമായെന്ന് വ്യക്തമാക്കുമോ; | (സി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തരസഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.<br>പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണവകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ |

ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപ.യുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും, ആന്ധ്രാപ്രദേശ് മൃഗസംരക്ഷണവകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെ പറയുന്നവയാണ് നടപ്പിലാക്കിയത്.

| ക്രമ നം | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1. | ഗോദാനം (2 പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2. | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3. | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4. | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5. | യന്ത്രവൽക്കരണം ഉൾപ്പെടയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ, വയനാട് ആലപ്പുഴ, എറണാകുളം, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും, പാലക്കാട് ജില്ലയിൽ 8 കിടാരികളെയും, എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും പത്തനംതിട്ട ജില്ലയിൽ 7 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

വകുപ്പിന്റെ നിർദ്ദേശപ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ട് പ്രളയദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വൈക്കോൽ, പച്ചപ്പുല്ല്

എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.
പ്രത്യേക പുനരധിവാസ പദ്ധതിയുടെ പ്രയോജനം 19,879 കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഇത്തരം നടപടികൾ 2019-20 കാലഘട്ട-ത്തിൽ തുടരുന്നതിനും പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ? | (ഡി) 2019-20 വർഷത്തിലും 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റീ-ഹാബിലിറ്റേഷൻ പ്രോഗ്രാം രണ്ടാം ഘട്ടമായി നടപ്പാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**